I/52161/2024

ഭരണഭാഷ- മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
Email Id: dirdhse.dge@kerala.gov.in
ഫോൺ നമ്പർ : 0471 2325868

**നം. എച്ച്.എസ്.ഇ/5034/2023-എഡി.സി6** **തീയതി :** 29-02-2024

# പരിപത്രം

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ്-ഹയർസെക്കന്ററി വിഭാഗം- ജീവനക്കാര്യം- ഹയർസെക്കന്ററി അധ്യാപകരുടെ പൊതുസ്ഥലംമാറ്റം 2023-24- ട്രാൻസ്ഫർ ലഭ്യമായ അധ്യാപകർക്ക് ശമ്പളം മാറി നൽകുന്നത്-സംബന്ധിച്ച്.

സൂചന : (1) 16/02/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

(2) OA 314/2024 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21/02/2024 തീയതിയിലെ ഉത്തരവ്.

(3) 22/02/2024 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

സൂചന (1) ഉത്തരവ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ 2023-24 പൊതുസ്ഥലംമാറ്റ ഉത്തരവിലെ Homestation & Others options- final other transfer list- final എന്നീ ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെ ട്രാൻസ്ഫർ നടപടികൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സൂചന (2) ഉത്തരവ് തീർപ്പാകുന്നതുവരെ നിർത്തിവച്ചിരിക്കുന്നതായി സൂചന (3) പ്രകാരം അറിയിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ കുറച്ച് അദ്ധ്യാപകർ സ്കൂളുകളിൽ നിന്നും വിടുതൽ ചെയ്ത് പുതിയ സ്കൂളിൽ ജോയിൻ ചെയ്യുകയും, കുറച്ച് അദ്ധ്യാപകർക്ക് വിടുതൽ നൽകുകയും എന്നാൽ കോടതി ഉത്തരവ് പാലിക്കേണ്ടതിനാൽ പുതിയ സ്കൂളിൽ ജോയിൻ ചെയ്യാൻ പറ്റാത്ത സ്ഥിതി സംജാതമായിട്ടുണ്ട്. ഇത്തരത്തിലുള്ള അദ്ധ്യാപകരുടെ 2024 ഫെബ്രുവരി മാസത്തിലെ ശമ്പളം മാറി നൽകുന്നതിനായി താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

## എച്ച്.എസ്.എസ്.റ്റി

1. വിടുതൽ ചെയ്ത് പുതിയ സ്കൂളുകളിൽ ജോയിൻ ചെയ്യാൻ കഴിയാത്ത എച്ച്.എസ്.എസ്.റ്റി മാർക്കും, പുതിയ സ്കൂളിൽ ജോയിൻ ചെയ്ത എച്ച്.എസ്.എസ്.റ്റി മാർക്കും സ്പാർക്ക് ട്രാൻസ്ഫർ ചെയ്യാത്ത

I/52161/2024

സാഹചര്യത്തിൽ പഴയ സ്കൂളുകളിൽ നിന്നു തന്നെ ശമ്പളം മാറി നൽകാവുന്നതാണ്.

**<u>എച്ച്.എസ്.എസ്.റ്റി (ജൂനിയർ)</u>**

1) വിടുതൽ ചെയ്ത് പുതിയ സ്കൂളുകളിൽ ജോയിൻ ചെയ്യാൻ കഴിയാത്ത എച്ച്.എസ്.എസ്.റ്റി ജൂനിയർ മാർക്കും, പുതിയ സ്കൂളിൽ ജോയിൻ ചെയ്ത എച്ച്.എസ്.എസ്.റ്റി ജൂനിയർ മാർക്കും സ്പാർക്ക് ട്രാൻസ്ഫർ ചെയ്യാത്ത സാഹചര്യത്തിൽ പഴയ സ്കൂളുകളിൽ നിന്നു തന്നെ ശമ്പളം മാറി നൽകാവുന്നതാണ്.

2 ) എച്ച്.എസ്.എസ്.റ്റി ജൂനിയർ അദ്ധ്യാപകരുടെ സ്പാർക്ക് പ്രിൻസിപ്പൽമാർ ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ (21/02/2024 വരെ) L P C പ്രകാരം ശമ്പളം പുതിയ സ്കൂളിൽ നിന്നും മാറി നൽകാവുന്നതാണ്.

ടി അദ്ധ്യാപകരുടെ സർവ്വീസ് വിഷയങ്ങൾ പരിശോധിച്ച് കോടതി വിധിയ്ക്ക് വിധേയമായി തുടർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതായിരിക്കും.

Signed by
Santhosh Kumar R
Date: 2[illegible].02-2024 17:09:29

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**